(സി) റോഡുകൾ പൂർത്തിയാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ടോ; എങ്കിൽ നിർദ്ദേശത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) പഴയ എം.എൽ.എ. റോഡ് പദ്ധതിയനുസരിച്ച് ഇതിനകം 256 റോഡുകളുടെ പണികളും പുതിയ എം.എൽ.എ. റോഡ് പദ്ധതി പ്രകാരം 96 റോഡുകളുടെ പണികളും പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

(ബി) പഴയ എം.എൽ.എ. റോഡ് പദ്ധതിയനുസരിച്ച് 24 റോഡുകളുടെയും പുതിയ എം.എൽ.എ. റോഡ് പദ്ധതിയനുസരിച്ച് 16 റോഡുകളുടെയും പണികൾ ഇനിയും പൂർത്തിയാക്കുവാനുണ്ട്.

(സി) തുടങ്ങിവച്ച പണികൾ പൂർത്തീകരിക്കുന്നതാണ്.

83 (548) ആനാപ്പുഴ-കൃഷ്ണൻകോട്ട പാലത്തിന്റെ നിർമ്മാണം

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂരിനേയും, മാളയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ആനാപ്പുഴ-കൃഷ്ണൻകോട്ട പാലം നിർമ്മിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമം വിശദമാക്കുമോ?

ഉത്തരം

ആനാപ്പുഴ-കൃഷ്ണൻകോട്ട പാലം നിർമ്മിക്കുന്നതിനുവേണ്ടി 658 ലക്ഷം രൂപയുടെ കരട് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു. പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി, പ്രത്യേകാനുമതി, ഡിസൈൻ, പാലം പണിക്ക് ആവശ്യമായ സ്ഥലം, സാങ്കേതികാനുമതി, ബഡ്ജറ്റിൽ മതിയായ തുക ഇവയെല്ലാം ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കാൻ കഴിയുന്നതാണ്

84 (549) തട്ടേക്കാട് പാലത്തിന്റെ പണി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കുട്ടൻപുഴ പഞ്ചായത്തിന്റെ തട്ടേക്കാട് പാലത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലത്തിന്റെ പണിക്ക് ടെണ്ടർ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയാണ് തുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിനുവേണ്ടിയുള്ള കരാർ പരിശോധിച്ചു വരികയാണ്.

(ബി) ടെണ്ടർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly